മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ അധിഷ്ഠിത പരാതി പരിഹാര സംവിധാനത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന സി-ഡിറ്റിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിജിലൻസ് കേസ്സിൽ പ്രതികളായ ഉദ്യോഗസ്ഥർ സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിലും ഡിവിഷനുകളിലും മേൽനോട്ടം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സി-ഡിറ്റിനെ സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് കേസ്സുകളൊന്നും നിലവിലില്ല. എന്നാൽ മുൻ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറും ഇപ്പോൾ സി-ഡിറ്റിലെ ജോയിന്റ് ഡയറക്ടറുമായ ശ്രീ. പി. വി. ഉണ്ണികൃഷ്ണനെതിരെ വി.സി.02/2012/ എസ്.ഐ.യു.-1 നമ്പർ വിജിലൻസ് കേസ് ഉണ്ടായിരുന്നു. ടി കേസ് അന്വേഷണം പൂർത്തിയാക്കി നടപടികൾ ഒന്നും ശിപാർശ ചെയ്തിട്ടില്ല.

(ബി) ശ്രീ. ജി. ജയരാജ്, രജിസ്ട്രാർ, സി-ഡിറ്റ്

(സി) ശ്രീ. പി. വി. ഉണ്ണികൃഷ്ണനെതിരെ വി.സി.02/2012/എസ്.ഐ.യു-1 നമ്പർ വിജിലൻസ് കേസ് അന്വേഷണം പൂർത്തിയായി. നടപടികൾ ശിപാർശ ചെയ്തിട്ടില്ല.

**ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ**

158 (1585) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; ആയതിൽ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണെന്നും, എന്താണ് അവർക്കെതിരെയുള്ള കേസുകളെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) വിജിലൻസ് സ്വമേധയാ എടുത്ത കേസ്സുകൾ കൂടാതെ കോടതി നിർദ്ദേശാനുസരണം എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നുണ്ട്; ഓരോ കേസ്സിലും ചാർജ് ഷീറ്റ് കൊടുത്തവ, ഇനി കൊടുക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസ്സുകളിൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചവ ഏതെല്ലാം കേസ്സുകളിലാണ്; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 473 (465+8) ഉദ്യോഗസ്ഥർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു.* പ്രസ്തുത കേസ്സുകളിലെ ഐ.ഐ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എല്ലാ കേസുകളും അന്വേഷണത്തിലാണ്. ചാർജ്ജ് ഷീറ്റ് നല്കിയിട്ടില്ല. വിവരം അനുബന്ധം (2) ആയി ചേർക്കുന്നു.*

(ബി) കോടതി നിർദ്ദേശാനുസരണം 54 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതിന്റെ വിവരം അനുബന്ധം (3) ആയി ചേർക്കുന്നു.* എല്ലാ കേസ്സുകളും അന്വേഷണത്തിലാണ്. ചാർജ്ജ് ഷീറ്റ് നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ച് വരുന്നു.

**കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടി**

159 (1586) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് വിശദീകരിക്കാമോ;

(സി) കോടതി സമുച്ചയം സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കൊല്ലം കോടതി സമുച്ചയ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം താലൂക്കിലെ മുണ്ടക്കൽ വില്ലേജിൽ 38.16 ഏക്കർ സ്ഥലം ജുഡീഷ്യറി വകുപ്പിന് അനുവദിച്ചിരുന്നു. എന്നാൽ W.P(C)7574/2011-ൽ ബഹു. ഹൈക്കോടതി 10-10-2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ കല്ലിടൽ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 161-ൽ ഉൾപ്പെട്ട ആശ്രാമം ഗസ്റ്റ് ഹൗസിന് സമീപം സ്ഥലം ലഭ്യമാക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടുവെങ്കിലും ഈ സ്ഥലം ടൂറിസം വകുപ്പിൽനിന്നും ലഭ്യമാകാത്തതിനാൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്